പ്രത്നനയനുസരിച്ച് പ്രവൃത്തിക്കുന്നതിനും മന്ത്രിയവർകൾ ശ്രമിക്കുമൊ?

ഡാക്ടർ എ. ആർ. മേനോൻ: (എ) ഉണ്ട്. മണിയത്ത് വാസുദേവൻ നമ്പീശൻ മുതൽപേരിൽനിന്നും.

(ബി) അറിവില്ല.

(സി) അന്തിക്കാട് വില്ലേജിലെ കുരുത്ത ചൊറളിമന ഇല്ലത്തിലെ അംഗങ്ങൾ.

(ഡി) യാതൊരു സംഖ്യയും അടുത്ത കാലത്തു് ചിലവുചെയ്തിട്ടില്ല.

(ഇ) ഉണ്ട്. വേണ്ട അന്വേഷണങ്ങൾ നടത്തി. പതിച്ചു കൊടുക്കുന്നതിനുള്ള അപേക്ഷ നിരസിച്ചു.

(എഫ്) ഉപചോദ്യം ആവശ്യമില്ല.

APPOINTMENT OF PANCHAYAT MAISTRY—PARTICULARS REGARDING

182. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ഗവൺമെൻറ് സദയം മറുപടി പറയുമൊ.—

(എ) പഞ്ചായത്തു് മേസ്തിയായി കോരുകുട്ടി എന്നൊരു പുലയൻ ഉണ്ടായിരുന്നില്ലേ;

(ബി) മേസ്തിയായി എത്രകാലം ഉണ്ടായിരുന്നുവെന്നും ഏതേതു സംവത്സരങ്ങളിലായിരുന്നുവെന്നും പറയാമൊ;

(സി) എത്രനാൾ ആയിട്ടുണ്ടു് അയാൾ സർവ്വീസിൽനിന്നും ഒഴിവായിട്ടു്;

(ഡി) ഒഴിവായതിനുശേഷം അയാൾ ബോധിപ്പിച്ച അപേക്ഷകൾക്കു് "മേസ്തിപണിക്കു് പരീക്ഷായോഗ്യത പോരെന്നും ആദ്യം ഉണ്ടാകുന്ന ഒഴിവിൽ ശിപായിയായി നിയമിക്കാമെന്നും" "ഉത്തരവു് കൊടുത്തിട്ടില്ലേ;

(ഇ) അതിനുശേഷം ഉണ്ടായിട്ടുള്ള യാതൊരു ഒഴിവിലും ടി കോരുകുട്ടിയെ ഒരു ശിപായിയായെങ്കിലും നിയമിക്കാതിരിക്കുന്നതിനുള്ള കാരണമെന്തു്;

(എഫ്) ഇപ്പോഴത്തെ ബഹുമാനപ്പെട്ട മന്ത്രി അവർകൾ ടി കോരുകുട്ടി ബോധിപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടിയാണു് എടുത്തതു്;

(ജി) ആ അപേക്ഷക്കു് അപേക്ഷകനു് വല്ല മറുപടിയുംകൊടുത്തിട്ടുണ്ടൊ?

ഡാക്ടർ എ. ആർ മേനോൻ: (എ) ഉവ്വു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫ്ഫാൻ-ലും, ഫ്ഫ്ഫാ-ലും കൂടി നൂമാസം പന്ത്രണ്ടിവസം. (ഫ്ഫാൻ മീനം ഒന്നാംതൂതൽ ഫ്ഫ്ഫാ കന്നി പതിനാംതൂവരെ).

(സി) ഈ കൊല്ലം കഴിഞ്ഞു.

(ഡി) ശിപായിമാരുടെ ഒഴിവുകൾ വരുമ്പോൾ ആലോചിക്കുന്നതാണെന്നു് മറുപടി കൊടുത്തിട്ടുണ്ടു്.

(ഇ) ഓരോ പഞ്ചായത്തുതിയിലുള്ള മറു് അപേക്ഷകന്മാർക്കു കൊടുക്കേണ്ടി വന്നതിനാൽ കോരുകുട്ടിക്കു കൊടുക്കുവാൻ സാധിച്ചില്ല.

(എഫ്) ഹരജിക്കാരന്റെ അവകാശങ്ങളെക്കുറിച്ചു് അന്വേഷിച്ചു

(ജി) ഉവ്വു്, തന്റെ അപേക്ഷകൊണ്ടു് പഞ്ചായത്തുദാരന്മാരെ സമീപിക്കേണ്ടതാണെന്നു് മറുപടി കൊടുത്തു.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ഈ ശിപായിമാരെ നിയമിച്ചിട്ടുള്ളതൊക്കെ അതാതു വില്ലേജുകളിൽ ഉള്ളവരെതന്നെയാണൊ?

ഡോക്ടർ എ. ആർ. മേനോൻ: പഞ്ചായത്തുകൾ തുപാർശി ചെയ്യുന്നതനുസരിച്ചാണു നിയമിക്കുപതിവു്. നിയമനാധികാരം ഡിപ്പാർട്ടുമെണ്ടിനാണെങ്കിലും പഞ്ചായത്തുകളുടെ അഭിപ്രായം അറിഞ്ഞേ നിയമിക്കാറുള്ളൂ.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ആപ്പീസിൽ എങ്കിലും ശിപായിയായി നിയമിക്കരുതെ?

ഡോക്ടർ എ. ആർ. മേനോൻ: കഴിയുന്നതുപോലെ ചെയ്യാം. ആപ്പീസിൽ ഒഴിവുവരുമ്പോൾ നോക്കാം.

മിസ്റ്റർ കെ. പി. വള്ളോൻ: പഞ്ചായത്തുദാരന്മാരുടെ ഉദ്യോഗം സ്ഥിരമാണൊ?

ഡോക്ടർ എ. ആർ. മേനോൻ: പഞ്ചായത്തുദാരന്മാരുടെ ഉദ്യോഗം സ്ഥിരമാണു്. ഇതു ആ ഉദ്യോഗത്തിൽ പെട്ടതല്ല. റോഡു പണിയിൽ മെയിൻറനൻസു മേസ്തിയായിട്ടാണു ചിലരെ നിയമിക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: അങ്ങിനെ ഒരു മേസ്തിയായിട്ടു വെയ്ക്കാമോ?

ഡോക്ടർ എ. ആർ. മേനോൻ: നോക്കാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം: മറുപേക്ഷകന്മാർക്കു കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. അതിൽ പുലയർക്കെങ്കിലും കൊടുത്തിട്ടുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ: നോട്ടീസു വേണം.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: എന്തായിരുന്നു ഈ അപേക്ഷ?

ഡോക്ടർ എ. ആർ. മേനോൻ: പണിക്കു വെച്ചാൽ കൊള്ളാമെന്നുള്ളതായിരുന്നു ഈ അപേക്ഷ. പഞ്ചായത്തിൽ ഒഴിവു വരുമ്പോൾ വെച്ചാൽ കൊള്ളാമെന്നുള്ളതായിരുന്നു.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: പഞ്ചായത്തിന്റെ തുപാർശിയോടുകൂടി ഒരു പുലയനു ഉദ്യോഗം കിട്ടാൻ വിഷമമുണ്ടെന്നുള്ളതറിയാമൊ?

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ: ഇതിനെക്കുറിച്ചു എന്തെങ്കിലുമാണ്ട ഈ കൌൺസിലിൽ തീർച്ചയാക്കണം. ഒന്നുകിൽ പഞ്ചായത്തിന്റെ അഭിപ്രായം ചോദിക്കേണ്ടെന്നുവെയ്ക്കണം. ഡിപ്പാർട്ട്മെണ്ടിന്റെ ഇഷ്ടപ്രകാരം ചെയ്യുവെന്ന കുറവും വേണ്ടെന്നുവെച്ചാൽ പഞ്ചായത്തുകളുടെ അഭിപ്രായംകൂടി ചോദിക്കാമെന്നുവെച്ചിട്ടുള്ളതു്, എങ്ങിനെ വേണമെങ്കിലും ചെയ്യാം. ഏതു സിസ്റ്റമായാലും കുറച്ചൊക്കെ ബുദ്ധിമുട്ടുണ്ടാകും.

മിസ്റ്റർ വി. കെ. കുട്ടി: പഞ്ചായത്തുകാർക്കു പൂലയസമുദായത്തോടു ഹിതമില്ലെന്നാണൊ ഈ ചോദ്യംകൊണ്ടു മനസ്സിലാക്കേണ്ടതു്?

ഡോക്ടർ എ. ആർ. മേനോൻ: പഞ്ചായത്തുകാർക്കു അങ്ങിനെയൊരു മനഃസ്ഥിതിയുണ്ടെന്നു പറയാൻ നിവൃത്തിയില്ല, പഞ്ചായത്തുകാരുടെ അഭിപ്രായമറിഞ്ഞേ നിയമിക്കാറുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പഞ്ചായത്തിന്റെ അധികാരം അവഗണിച്ചു പ്രവൃത്തിക്കണമെന്നു ഉദ്ദേശമില്ല. എന്തെങ്കിലും തരത്തിൽ അയാൾക്കു ഒരുപജീവനമാർഗ്ഗം ഉണ്ടാക്കികൊടുക്കാമൊ എന്നാണു ചോദിക്കുന്നതു്.

ഡോക്ടർ എ. ആർ. മേനോൻ: കൊടുക്കാൻ നോക്കാം.

മിസ്റ്റർ സി. വി. ഇയ്യു: സാധാരണ കീഴ്ജീവനക്കാരുടെ ഉദ്യോഗത്തിനു ഒഴിവുവരുമ്പോൾ അധഃകൃതർക്കു പ്രാമുഖ്യം കൊടുക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രിയുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാർക്കു സർക്കുലർ അയച്ചിട്ടുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ: കഴിയുന്നിടത്തോളം അധഃകൃതരെ സ്വീകരിക്കണമെന്നു ഏർപ്പാടു ചെയ്തിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ: ഈ പഞ്ചായത്തുകാരന്മാരെ നിയമിക്കുമ്പോൾ പഞ്ചായത്തിന്റെ അഭിപ്രായം ചോദിക്കാറുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ: ഇല്ല. ഇവിടെ ശിപായിയുടെ ഉദ്യോഗത്തെ കുറിച്ചാണു ചോദിച്ചിരിക്കുന്നതു്. അതിനെപ്പറ്റി ചോദിക്കാറുണ്ടു്.

KADAVANTHARA ROAD—OPENING OF FEEDER LANES

183. Mr. V. N. Damodaran Nambiar *(Trippunittura)*:
Will the Government be pleased to state.—

(*a*) whether they have received any representation from the public of Kadavanthara regarding the necessity of opening two feeder lanes one from the west and another from the east to the Kadavanthara road;

(*b*) if so, what action have they taken in the matter?

Dr. A. R. Menon *(Minister for Rural Development)*:

(*a*) Yes.

(*b*) The matter is under consideration of Government.

LIBRARY ARCHIVES Kerala Legislative Assembly